# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അർദ്ധവാർഷിക പദ്ധതി ചെലവ്</u>

T6109 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിനത്തിൽ ആദ്യ അർദ്ധവാർഷിക പദ്ധതി ചെലവ് എത്ര ശതമാനമാണെന്ന് വ്യക്ത മാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിനത്തിൽ നാളി തുവരെയുള്ള ചെലവ് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി ചെലവിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അഞ്ചു വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സുപ്രീം കോടതിയിലെ സ്പെഷ്യൽ ലീവ് പെറ്റീഷൻ</u>

6110 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത്, ജലവിതരണം എന്നീ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സമയബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട വിഷയം ശമ്പളപരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഹരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ട് സംബന്ധിച്ച് സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള സ്പെഷ്യൽ ലീവ് പെറ്റീഷൻ പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ ഏതെല്ലാം സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ അതോറിറ്റി പരിഹരിക്കാൻ നടപടി</u>

6111 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ റിപ്പോർട്ടിലെ അനോമലികൾ പരിഹരിക്കുന്നതിന് ഇപ്പോൾ ഫലപ്രദമായ സംവിധാനങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അനോമലികൾ പരിഹരിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ; എങ്കിൽ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി അധ്യാപകരുടെ ശമ്പള പരിഷ്ക്കരണം</u>

T 6112 ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അധ്യാപകരുടെ ശമ്പള പരിഷ്ക്കരണം അവസാനമായി നടന്നത് എന്നാണ്;

(ബി) പ്രസ്തുത ശമ്പള പരിഷ്ക്കരണത്തിൽ അനോമലി ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് അധ്യാപക സംഘടനകളുടെ നിവേദനം ലഭിച്ചുവോ; ആയതിന്മേൽ നടപടി കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ശമ്പള പരിഷ്ക്കരണത്തിലെ അനോമലി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ശമ്പളവിതരണം എ.റ്റി.എം. വഴി</u>

6113 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവിതരണം ബാങ്കുകളുടെ എ. റ്റി. എം. വഴി നൽകാനുള്ള ഉത്തരവ് നിലവിലുണ്ടോ ;

(ബി) എ. റ്റി. എം. വഴിയുള്ള ശമ്പള വിതരണം ട്രഷറി നിക്ഷേപ സംവിധാനത്തെ തകർക്കാൻ സാധ്യതയുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) നിലവിൽ ട്രഷറി നിക്ഷേപ സംവിധാനം ഉപയോഗിക്കുന്നതു കൊണ്ട് സർക്കാരിന് എത്ര കോടി രൂപ പലിശയിനത്തിൽ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. വഴി</u>

6114 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ശമ്പളം എ.റ്റി.എം. വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പണം സ്വകാര്യ ബാങ്കുകൾ വഴിയാണോ നൽകുന്നത് ; എങ്കിൽ പ്രസ്തുത ബാങ്കുകളുമായി ഉണ്ടാക്കുന്ന കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; കരാറിലേർപ്പെടുന്ന ബാങ്കുകളുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) ശമ്പളദിവസം തന്നെ മുഴുവൻ ജീവനക്കാരുടെയും ശബളം ബാങ്കിനെ ഏൽപ്പിക്കുകയാണോ ; ഇല്ലെങ്കിൽ ജീവനക്കാർ പണം പിൻവലിക്കുന്നതനുസരിച്ച് പണം കൈമാറാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ശമ്പളം ട്രഷറി എ.റ്റി.എം. വഴി മാത്രം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഇതുവഴി മിച്ചതുക ഗവൺമെന്റിന് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ശമ്പളവും പെൻഷനും ട്രഷറികളിൽ എ. റ്റി. എം. വഴി</u>

6115 ശ്രീ. കെ. അച്ചുതൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര സബ് ട്രഷറികൾ കമ്പ്യൂട്ടർ വൽക്കരിക്കാനുണ്ട്;

(സി) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ശമ്പളവും പെൻഷനും എ. ടി. എം. വഴി നൽകുന്നതിനുള്ള പരിപാടികളുടെ നിലവിലുള്ള സ്ഥിതിയെന്താണ്;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഈ പരിപാടി എവിടെയെങ്കിലും നടപ്പാക്കുകയുണ്ടായോ;

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ബാങ്കുകള്‍ വഴി ശമ്പളാനുകൂല്യങ്ങള്‍

6116

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നോണ്‍ഗസറ്റഡ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെന്‍ഷന്‍ ആനുകൂല്യങ്ങള്‍ ഒഴികെയുള്ള ശമ്പളാനുകൂല്യങ്ങള്‍ നാഷണലൈസ്ഡ് ബാങ്കുകള്‍ വഴി വിതരണം നടത്തുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം ഭാവിയില്‍ ട്രഷറി ജീവനക്കാരുടെ ജോലി സ്ഥിരതയെ ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എന്തെല്ലാം മുന്‍കരുതലുകളാണ് കൈക്കൊള്ളുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കമ്പ്യൂട്ടര്‍വല്‍ക്കരിക്കപ്പെടാത്ത ട്രഷറികള്‍ ഉണ്ടോ; ഉണ്ടെങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഡി. എ. കുടിശ്ശിക</u>

6117 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം, കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഡി.എ. സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് അനുവദിക്കുന്നതിൽ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക കൊടുക്കുന്നത് എന്നാണെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക പ്രതിസന്ധി ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ക്ഷാമബത്ത കുടിശ്ശിക</u>

6118 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇപ്പോൾ എത്ര ശതമാനം ക്ഷാമബത്തയാണ് നൽകി വരുന്നത്;

(ബി) കുടിശ്ശിക എത്രയുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഇത് എന്നു കൊടുത്തു തുടങ്ങും; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യപണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി</u>

6119 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ പണമിടപാട് മേഖലയിൽ ബ്ലേഡ് പലിശക്കാരും മാഫിയകളും വൻതോതിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പിടിയിലമരുന്ന സാധാരണക്കാർ സാമ്പത്തികമായി തകർന്നുപോകുന്നതും കൂട്ട ആത്മഹത്യയിൽ എത്തിച്ചേരുന്നതും പരിശോധിക്കുമോ;

(ഇ) സ്വകാര്യ പണമിടപാടുകാർ, പണം പലിശക്കു കൊടുക്കുന്നവർ, സ്വർണ്ണപണയത്തിന്മേൽ പണം പലിശയ്ക്കു കൊടുക്കുന്നവർ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്ന് ലൈസൻസ് ആവശ്യമുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ

## 28.10.2011-ലെ മറുപടിക്ക്

(എച്ച്) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മാഫിയകളും ക്വട്ടേഷൻ സംഘങ്ങളും പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ശക്തമായ നിയമങ്ങളും നടപടികളും സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥകൾ</u>

6120 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവനവേതന വ്യവസ്ഥകളെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്ര സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചതായി അറിയാമോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് മഹിളാ പ്രധാൻ ഏജന്റുമാരെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് നിലവിൽ നൽകികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ അതേപടി തുടരണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ക്ലാസ് ഫോർ ജീവനക്കാർക്ക് പ്രൊമോഷൻ</u>

6121 ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെന്റിലുള്ള ക്ലാസ് ഫോർ ജീനവനക്കാർക്ക് പ്രൊമോഷൻ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് മുന്നിലുണ്ടോ;

(ബി) എങ്കിൽ ഇതര വകുപ്പുകളിലുള്ളതുപോലെ ട്രഷറി വകുപ്പിലുള്ള ക്ലാസ് ഫോർ ജീവനക്കാർക്കും ക്ലറിക്കൽ തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

നൂറനാട് സബ് ട്രഷറി

6122 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് അനുവദിച്ചിട്ടുള്ള സബ്ട്രഷറിയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ട്രഷറിയുടെ പ്രവർത്തനത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പാലമേൽ പഞ്ചയാത്ത് താൽക്കാലിക കെട്ടിടവും സ്ഥലവും നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നവംബർ ഒന്നിനു മുമ്പ് പ്രസ്തുത ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>താനൂരിൽ ഒരു സബ്ട്രഷറി</u>

6123

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനാറോളം പഞ്ചായത്തുകളും തിരൂർ മുനിസിപ്പാലിറ്റിയും തിരൂർ സബ്ട്രഷറിയുടെ പരിധിയിൽ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരൂർ സബ്ട്രഷറിയിലെ ജീവനക്കാർ നേരിടുന്ന കടുത്ത ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാരണത്താൽ ട്രഷറിയിലെത്തുന്ന ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ താനൂർ കേന്ദ്രമായി ഒരു സബ്ട്രഷറി പുതുതായി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ സബ്ട്രഷറി</u>

6124 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് സബ്ട്രഷറി ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവിടെയുള്ള വൺമാൻ ട്രഷറി നിർത്തലാക്കിയ സാഹചര്യത്തിൽ എപ്പോൾ സബ്ട്രഷറി പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഷൊർണ്ണൂർ മണ്ഡലത്തിലെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രഷറികൾ</u>

6125 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ട്രഷറികൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം പണിതു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രഷറിയ്ക്ക് കെട്ടിടം പണിതു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം</u>

6126 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ ഓണം ബംബർ ഭാഗ്യക്കുറിയിൽ നിന്ന് സർക്കാർ ഖജനാവിലേക്ക് എത്ര രൂപയുടെ വരുമാനമുണ്ടായെന്ന് അറിയിക്കാമോ ;

(ബി) നിർദ്ധനരും, രോഗികളുമായ ആൾക്കാരുടെ ക്ഷേമം മുൻനിർത്തി സർക്കാർ ഭാഗ്യക്കുറി ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിൽനിന്ന് ലഭിക്കുന്ന വരുമാനം എന്തിനുവേണ്ടി വിനിയോഗിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം അറിയിക്കാമോ ;

(ഡി) സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പിൽ സമ്മാനത്തുക കൈപ്പറ്റാത്തവരായി എത്രപേർ ഉണ്ടെന്നും, പ്രസ്തുത തുക എത്ര കോടി ഉണ്ടെന്നും അറിയിക്കാമോ;

(ഇ) മേൽപ്പറഞ്ഞ തുക ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിയമപരമായി തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ലോട്ടറി ഏജന്റുമാർക്ക് ഇ.എസ്.ഐ. പരിരക്ഷ</u>

6127 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുച്ഛമായ വരുമാനക്കാരായ ലോട്ടറി ഏജന്റുമാരുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ലോട്ടറി ഏജന്റുമാരെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പുമായി ചേർന്നു കൊണ്ട് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ജി.എസ്.ടി. നടപ്പിലാക്കാൻ പദ്ധതി

6128 ശ്രീ. കെ. ശിവദാസൻ നായർ
,, വി.പി. സജീന്ദ്രൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നികുതി പിരിവ് സംവിധാനത്തിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) നിലവിലുള്ള ചെക്ക്പോസ്റ്റുകളെ എപ്രകാരം രൂപഭേദം വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ചില്ലറ വിൽപന മേഖലയിലെ ടാക്സ് വെട്ടിപ്പ്</u>

6129 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില്ലറ വിൽപന മേഖലയിൽ ഹോം ഡെലിവറിയായി ഒട്ടേറെ സ്ഥാപനങ്ങൾ ഗുണനിലവാരം പരിശോധിക്കാതെ സാധനങ്ങൾ വിതരണം ചെയ്യുന്നത് പൂർണ്ണമായും 'ടാക്സ്' വെട്ടിപ്പ് നടത്തിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ചെക്ക്പോസ്റ്റുകളിലെ ജീവനക്കാർ</u>

6130 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോമേഴ്സ്യൽ ടാക്സസ്സ് ഡിപ്പാർട്ട്മെന്റിൽ എത്ര ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ചെക്ക്പോസ്റ്റുകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം എത്രയാണ്; തസ്തികതിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) നിലവിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാർ ഉള്ളത്; എത്ര ഒഴിവുകൾ ഉണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനങ്ങൾ</u>

6131 ശ്രീ. സി.കെ. സദാശിവൻ
,, പി.റ്റി.എ. റഹീം
,, സി. കൃഷ്ണൻ
,, ബാബു.എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രഖ്യാപിച്ച എല്ലാ കെ.എസ്.എഫ്.ഇ. ശാഖകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതെങ്കിലും ശാഖ ഉദ്ഘാടനം ചെയ്യപ്പെടാത്തതായിട്ടുണ്ടോ; എങ്കിൽ ആയതിനുളള കാരണം വ്യക്തമാക്കാമോ;

(സി) ഓഫീസർമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; സ്ഥലംമാറ്റം സംബന്ധിച്ച് ബഹു. ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകുകയുണ്ടായോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) സ്ഥലംമാറ്റം സംബന്ധിച്ച പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) കെ.എസ്.എഫ്.ഇ.യിൽ ഏറ്റവും ഒടുവിൽ നടന്ന ഹിതപരിശോധനയനുസരിച്ച്, വർക്ക്മെൻ വിഭാഗത്തിലെ അംഗീകൃത സംഘടനകൾ ഏതൊക്കെയെന്നും അംഗബലവും ശതമാനവും എത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. മുഖേന വിദ്യാഭ്യാസ വായ്പ</u>

6132

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. മുഖേന നടപ്പിലാക്കുന്ന വിദ്യാഭ്യാസ വായ്പ, അഞ്ചുവർഷം കഴിഞ്ഞ് തിരിച്ചടവ് തുടങ്ങുമ്പോൾ അപ്പോൾ നിലവിലുള്ള തുക പലിശയില്ലാതെ തവണകളായി സ്വീകരിക്കുകയാണോ ചെയ്യുന്നത് എന്നു വ്യക്തമാക്കാമോ;

(ബി) 3.10.2011 ലെ 1726-ാം നമ്പർ നക്ഷത്രരഹിത ചോദ്യത്തിലെ ഉപചോദ്യം (ഇ) യ്ക്കുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്ന തിരിച്ചടവ് തുകയായ 10318/- രൂപ കൂടാതെ വായ്പയെടുക്കുന്നയാൾ പലിശ അടയ്ക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അഞ്ചുവർഷങ്ങൾക്കു ശേഷം തിരിച്ചടവ് തുടങ്ങുമ്പോൾ, തിരിച്ചടവ് തുകയുടെ എത്ര ശതമാനം കൂടുതൽ പ്രതിമാസ വരുമാനം വായ്പയെടുത്തയാൾക്ക് ഉണ്ടാകണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) വൻതുക പ്രതിമാസം തിരിച്ചടയ്ക്കേണ്ട വായ്പാസമ്പ്രദായം, ഭാവിയിൽ വായ്പയെടുക്കുന്നവരിൽ ഉണ്ടാക്കാവുന്ന സാമ്പത്തിക സമ്മർദ്ദങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. ഓഡിറ്റ് എൽ.എഫ്.എ.ഡി.ക്ക്
നൽകുന്നതിന് നടപടി</u>

6133 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് എം.എൽ.എ. അദ്ധ്യക്ഷനായിരുന്ന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഓഡിറ്റ് സംവിധാനം വിപുലമാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ എത്ര തസ്തികകൾ അനുവദിക്കണമെന്നാണ് ശുപാർശ ചെയ്തിരുന്നത്;

(ബി) പ്രസ്തുത ശുപാർശയിൻമേൽ നാളിതുവരെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(സി) കെ.എസ്.എഫ്.ഇ. ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനെ ഏൽപിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും ശുപാർശ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) കെ.എസ്.എഫ്.ഇ. ഓഡിറ്റിംഗ് മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി ഏജൻസിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കെ.എസ്.എഫ്.ഇ.ക്ക് നിലവിൽ ആകെ എത്ര ബ്രാഞ്ചുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ജി. എസ്. ടി. നടപ്പാക്കുന്നതിന്റെ പ്രയോജനങ്ങൾ</u>

6134 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ കാർഷിക മേഖലയിലുള്ളവരുടെ നികുതി ഭാരം കുറയ്ക്കുന്നതിന് സാധിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) കച്ചവടക്കാർക്കും ചെറുകിട സംരംഭകർക്കും ജി. എസ്. ടി. മൂലമുള്ള പ്രയോജനം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നികുതി, ചരക്കുകളുടെയും സേവനങ്ങളുടെയും അന്തർ സംസ്ഥാന ക്രയവിക്രയങ്ങൾ വർദ്ധിക്കുന്നതിന് സഹായകരമാണോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ജി. എസ്.റ്റി സംവിധാനം നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

6135 ശ്രീ.പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ജി. എസ്. റ്റി. സംവിധാനം നടപ്പാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാനത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര ഗവൺമെന്റിന് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ നികുതി സമാഹരണശേഷി വർദ്ധിപ്പിക്കുന്നതരത്തിൽ ജി. എസ്.റ്റി നടപ്പാക്കണമെന്ന നിർദ്ദേശം സമർപ്പിക്കുമോ ;

(ഡി) ജി. എസ്.റ്റി നിലവിൽ വന്ന് ഒരു വർഷത്തിനകം കേന്ദ്രവും സംസ്ഥാനവും നികുതി പങ്കുവയ്ക്കണമെന്ന നിയമം കൂടി പാസ്സാക്കണമെന്ന നിർദ്ദേശം കേന്ദ്രത്തിനു സമർപ്പിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ധനനികുതി വിഷയങ്ങളിൽ ഗവേഷണം

6136 ശ്രീ. സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനനികുതി വിഷയങ്ങളിൽ ഗവേഷണം നടത്തുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഗവേഷണ വിഷയങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഗവേഷണ വിഷയങ്ങളിലുള്ള പ്രബന്ധങ്ങൾ എത്ര നാൾക്കകം സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

റിക്കവറി എൻഫോഴ്സ്മെന്റ് രൂപീകരിക്കുന്നതിന് നടപടി

6137 ശ്രീ. ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഓഡിറ്റിൽ ക്രമക്കേടിന് കാരണക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും, നഷ്ടം വന്ന തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്കായി റിക്കവറി എൻഫോഴ്സ്മെന്റ് വിഭാഗത്തിന് രൂപം നൽകുമോ; വിശദമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ഡി) ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് നൽകാത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>വിലയാധാരത്തിന് ഈടാക്കുന്ന നികുതി</u>

6138 ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിതാവിന്റെ പേരിലുള്ള കൃഷിഭൂമി ഓരോ മക്കൾക്ക് ആയി അവകാശം എഴുതിവച്ചിരിക്കുകയും പിതാവിന്റെ മരണശേഷം പ്രസ്തുത കൃഷിഭൂമി മക്കൾ എല്ലാംകൂടി ഒരുമിച്ച് മറ്റൊരു വ്യക്തിയ്ക്കോ മറ്റ് ഫ്ളാറ്റ് നിർമ്മാതാക്കൾക്കോ ആശുപത്രി നിർമ്മാണക്കാർക്കോ സ്കൂൾ നിർമ്മാണക്കാർക്കോ ഒറ്റ വില ആധാരം ആയി എഴുതി വില്ക്കുകയും ചെയ്താൽ ഈ വസ്തു ഉടമസ്ഥർ സർക്കാരിന് നികുതി ഇനത്തിൽ വിലയുടെ എത്ര ശതമാനം കൊടുക്കേണ്ടി വരും ;

(ബി) ഇത് കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത എന്നീ അതിർത്തികളിൽ ആണെങ്കിൽ എത്ര വീതം എന്ന് വിശദമാക്കുമോ ; ഇതിന്റെ നിലവിലെ ഉത്തരവു നമ്പർ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഭൂമി മക്കൾ എല്ലാംകൂടി ഒന്നിൽ കൂടുതൽ ആളുകളുടെയോ ഒന്നിൽ കൂടുതൽ ഫ്ളാറ്റ്, ആശുപത്രി, സ്കൂൾ നിർമ്മാതാക്കളുടെയോ പേരിൽ പല വില ആധാരങ്ങൾ ചെയ്തു വില്ക്കുകയാണെങ്കിൽ നികുതി കൂടുതൽ ആകുമോ ; കൂടുതലാണെങ്കിൽ കാരണം എന്ത് ; വിലയുടെ എത്ര ശതമാനം നികുതി ഒടുക്കേണ്ടി വരും ; ഇത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകളിൽ എത്ര വീതമെന്ന് വിശദമായി വിവരിക്കുമോ ; ഇതിന്റെ നിലവിലുള്ള ഉത്തരവു നമ്പരും മറ്റും വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>നിയമപരിഷ്കാര കമ്മീഷൻ</u>

6139 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിട്ടയേഡ് ചീഫ് ജസ്റ്റിസ് ശ്രീ. വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമപരിഷ്കാര കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് മേശപ്പുറത്ത വയ്ക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>നിയമപരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട്</u>

6140

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമപരിഷ്ക്കരണ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം;

(സി) ഈ കമ്മീഷനെ നിയമിച്ചത് ഏത് ഗവൺമെന്റിന്റെ കാലത്താണ്;

(ഡി) റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ആക്ഷേപം ഉണ്ടായ സാഹചര്യത്തിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിനു മുൻപ് വിശദമായ ചർച്ച നടത്തി സമവായമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ ബോർഡ്</u>

6141 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; ആണെങ്കിൽ നഷ്ടം എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഭവന നിർമ്മാണ ബോർഡിൽ ജീവനക്കാർ ആകെ എത്ര പേരാണ് ; തസ്തിക തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഭവന വായ്പ ഈടായി വാങ്ങിയിട്ടുള്ള പ്രമാണങ്ങൾ തിരികെ ലഭിക്കാനുള്ള നടപടികൾ

T6142 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് സർക്കാർ ഭവന വായ്പയായി സർക്കാർ നടപ്പാക്കിയിരുന്ന എൽ.ഐ.ജി.എച്ച്, എം.ഐ.ജി.എച്ച് വിഭാഗങ്ങളിൽ ഇനിയും തിരിച്ചടവ് പൂർത്തിയാക്കാൻ എത്ര കേസുകൾ അവശേഷിക്കുന്നുണ്ടെന്നു പറയാമോ ;

(ബി) പ്രസ്തുത കേസ്സുകളിൽ മൊത്തം എത്ര രൂപ സർക്കാരിലേയ്ക്ക് ലഭിക്കാനുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഇനത്തിൽപ്പെട്ട കേസുകളിൽ വായ്പയെടുത്ത കക്ഷികളിൽ നിന്നും ഈടായി വാങ്ങിയിട്ടുള്ള പ്രമാണങ്ങൾ അവർക്ക് തിരികെ ലഭിക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ ;

(ഡി) എൽ.ഐ.ജി.എച്ച്, എം.ഐ.ജി.എച്ച് കേസുകളിൽ എത്ര വർഷങ്ങൾ കൊണ്ടാണ് തിരിച്ചടവ് തീരുന്നതെന്ന് പറയാമോ ;

(ഇ) ഇത്രയും നീണ്ട കാലയളവ് കഴിയുമ്പോൾ പണമടച്ച രസീതുകളും ചെല്ലാനുകളും മറ്റും നഷ്ടപ്പെടാനുള്ള സാധ്യത പരിഗണിച്ച് പൂർണ്ണമായി പണമടച്ച കേസുകളിൽ തഹസീൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രമാണങ്ങൾ കക്ഷികൾക്ക് മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഭവനശ്രീ വായ്പ കുടിശ്ശിക</u>

6143

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ എത്ര വീടുകളാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഈ പദ്ധതിക്ക് ആകെ ബാങ്ക് വായ്പ എത്രയായിരുന്നുവെന്നും കുടിശ്ശിക എത്രയുണ്ടെന്നും അറിയിക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക സർക്കാർ എഴുതിത്തള്ളുന്നതായി ഉത്തരവായിട്ടുണ്ടോ;

(ഡി) ഇതിൽ സഹകരണ ബാങ്കുകളിലെ കുടിശ്ശിക എഴുതിത്തള്ളുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

സാഫല്യം ഭവന പദ്ധതി

6144 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏത് വിഭാഗം ജനങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്ക് സർക്കാർ സബ്സിഡി ലഭിക്കുമോ ;

(ഡി) ഈ പദ്ധതിക്ക് സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുവാൻ ശ്രമിക്കുമോ ;

(ഇ) ഒന്നാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

ഹഡ്കോ മാതൃകയിൽ കോർപ്പറേഷൻ

6145 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ഹഡ്കോ മാതൃകയിൽ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണത്തിൽ സ്വകാര്യ പങ്കാളിത്തം</u>

6146 ശ്രീ. സി. പി. മുഹമ്മദ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പങ്കാളിത്തത്തിന് പഞ്ചായത്തുകളെകൂടി സഹകരിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പഞ്ചായത്തുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉണ്ടെങ്കിൽ പഞ്ചായത്തുകളുടെ സഹകരണത്തോടെ വീടുകൾ നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണ ബോർഡിന്റെ ഉപയോഗിക്കപ്പെടാത്ത ഭൂമി</u>

6147 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉപയോഗിക്കപ്പെടാത്ത ഭൂമികൾ ഉണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഭൂമികളിൽ പാർപ്പിടങ്ങൾ നിർമ്മിച്ച് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യാൻ നടപടി എടുക്കുമോ ;

(സി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

പാര്‍പ്പിട പ്രശ്നം പരിഹരിക്കാന്‍ നടപടി

6148 ശ്രീ. പി. എ. മാധവന്‍
,, ഷാഫി പറമ്പില്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപന രേഖയില്‍ പാര്‍പ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ബി) വീടില്ലാത്തവര്‍ക്കുവേണ്ടി എന്തെല്ലാം പദ്ധതികള്‍ക്ക് രൂപം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി ഭൂമിയില്ലാത്തവര്‍ക്ക് ഭൂമി വാങ്ങുവാനുളള എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ലക്ഷം വീടുകള്‍ നിര്‍മ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ന്യായവില ഭവന പദ്ധതി</u>

6149 ശ്രീ. ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, പാലോട് രവി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യായവില ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമാണ് വിതരണം ചെയ്യുന്നത്;

(ബി) എത്ര പേർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;

(സി) വീടുവിതരണത്തിൽ നിശ്ചിത ശതമാനം വീടുകൾ ദുർബ്ബല വിഭാഗങ്ങൾക്ക് വേണ്ടി മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ന്യായവില ഭവന പദ്ധതി</u>

6150 ശ്രീ. പി.സി. വിഷ്ണുനാഥ്
,, ഐ.സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യായവില ഭവന പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ആരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ ശ്രമിക്കുമോ;

(ഡി) ആർക്കെല്ലാമാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പ് സുതാര്യമാക്കാൻ ശ്രമിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തികകൾക്ക് നൽകിയ ശമ്പള സ്കെയിലുകൾ</u>

6151 ശ്രീ.റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റുകളും സെക്രട്ടേറിയറ്റ്/പി.എസ്.സി./യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ ടൈപ്പിസ്റ്റുകളും തമ്മിൽ വേതനത്തിൽ അന്തരം നിലവിലുണ്ടോ ; എങ്കിൽ അവ തരം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 2009-ലെ പേറിവിഷനിൽ സെക്രട്ടേറിയറ്റ് ഇതര വകുപ്പുകളിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റും മെർജ് ചെയ്ത് ഒന്നാക്കിയപ്പോൾ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുകൾക്ക് ഫിക്സേഷനിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുകളായിരുന്നവർക്കു ഫിക്സേഷൻ ആനുകൂല്യം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) 2009-ലെ പേറിവിഷനിൽ യു.ഡി. ടൈപ്പിസ്റ്റിൽ നിന്നും യു.ഡി. ക്ലാർക്കാകുവാൻ നിശ്ചയിച്ചിരുന്ന സമയ പരിധി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 16.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സുചിപ്പിക്കുന്നു.